ചിന്താവിഷയം

**ജമാൽ കടന്നപ്പള്ളി**

# സന്തുലിത ജ്ഞാനം

**വിശുദ്ധ** ഖുർആൻ മനുഷ്യരാശിയോട് ആദ്യം ആവശ്യപ്പെട്ടത് നമസ്കരിക്കാനോ സകാത്ത് നൽകാനോ അല്ല, പ്രത്യുത വായിക്കാനാണ്. ഖുർആൻ പറഞ്ഞു: "വായിക്കുക, നിന്നെ സൃഷ്ടിച്ച നിന്റെ രക്ഷിതാവിന്റെ നാമത്തിൽ. ഭ്രൂണത്താൽ അവൻ മനുഷ്യനെ സൃഷ്ടിച്ചു. വായിക്കുക. നിന്റെ നാഥൻ അത്യുദാരനാകുന്നു. തൂലിക കൊണ്ട് പഠിപ്പിച്ചവൻ. അവൻ മനുഷ്യനെ അവൻ അറിഞ്ഞിട്ടില്ലാത്തത് പഠിപ്പിച്ചു'' (*അൽഅലഖ്* 1-5). ഈ പ്രഥമ പഞ്ചസൂക്തങ്ങളിൽ അഞ്ചു വട്ടം അറിവിന്റെ പ്രസക്തി ആവർത്തിക്കുന്നു. മനുഷ്യന്റെ ഏറ്റവും വലിയ യോഗ്യത വൈജ്ഞാനിക നിലവാരമാണെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. ഈ യോഗ്യത മനുഷ്യനു നൽകി അനുഗ്രഹിച്ചത് അല്ലാഹുവിന്റെ അത്യുദാരമായ അനുഗ്രഹമാണെന്ന വസ്തുത കൂടി എടുത്തു പറയുന്നു. അതുപോലെ വെറുതെ വായിക്കാനല്ല, സ്രഷ്ടാവിന്റെ നാമത്തിൽ വായിക്കാനാണ് ആവശ്യപ്പെടുന്നത്. ദൈവം വിശുദ്ധിയുടെയും നന്മയുടെയും കേദാരമാകുന്നു. അവൻ ഇരുട്ടിനെയും മാലിന്യങ്ങളെയും വെറുക്കുന്നു. ഉദ്ദേശ്യം വ്യക്തമാണ്. നമ്മുടെ വായന സദാചാര ബന്ധിതമായിരിക്കണം. മനസ്സിനെ ഉയർത്തുകയും ഉന്നമിപ്പിക്കുകയും ചെയ്യുന്ന വായനയായിരിക്കണം. മാനസികാരോഗ്യവും അതുവഴി ഇഹ-പര സുരക്ഷയും നൽകുന്ന വായനയായിരിക്കണം. ഒറ്റവാക്കിൽ പറഞ്ഞാൽ, മനുഷ്യനു നന്മ ചെയ്യുന്ന ആത്മീയ-ഭൗതിക വായനകളത്രയും ഈ വിശേഷണത്തിൽ പെടും.

അതുകൊണ്ടത്രെ വിദൂരമായ ചൈനയിൽ പോയെങ്കിലും വിജ്ഞാനം നേടണമെന്ന് പഠിപ്പിച്ചത്. സൈദുബ്നു സാബിതി(റ)നോട് സുറിയാനി പഠിക്കാൻ നബി(സ) ആവശ്യപ്പെട്ടതും സൈദ് അത് പഠിക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്. ഇസ്‌ലാമിൽ വിജ്ഞാനത്തിന് വിഭജനമില്ല. എന്നാൽ വിജ്ഞാനത്തിന്റെ മുൻഗണനാക്രമത്തിനു വ്യത്യാസമുണ്ട്. ഇവ ഇഴപിരിച്ചു മനസ്സിലാക്കേണ്ടതും സന്ദർഭത്തിന്റെ തേട്ടമനുസരിച്ച് പ്രയോഗവത്കരിക്കേണ്ടതുമാണ്.

18-ാം നൂറ്റാണ്ടിലാരംഭിച്ച കൊളോണിയൽ അധിനിവേശത്തിനു മുമ്പത്തെ ഇസ്‌ലാമിക ചരിത്രത്തിലെവിടെയും വിജ്ഞാനത്തെ മതം, ഭൗതികം എന്ന് വേർതിരിച്ചതായി കാണുക സാധ്യമല്ല. അത് പാശ്ചാത്യ സൃഷ്ടിയാണ്. മത-രാഷ്ട്രീയ വിഭജനത്തിന്റെ ഭാഗമായി പാശ്ചാത്യർ ആദ്യം ചെയ്തത് മതം, ഭൗതികം എന്നിങ്ങനെ വിജ്ഞാനത്തെ വിഭജിക്കുകയായിരുന്നു. അങ്ങനെ മതത്തെ പിറകോട്ട് തള്ളി. ഇന്നും ഈ ദുരവസ്ഥ തുടരുന്നു. അതുകൊണ്ടുതന്നെ, 'ദീനറിയാത്ത മിസ്റ്റർമാരുടെയും ദുനിയാവറിയാത്ത മുല്ലമാരു'ടെയും ആധിപത്യം നമുക്കിടയിൽനിന്ന് നീങ്ങിയിട്ടില്ല. ഇതാവട്ടെ നടേ പറഞ്ഞതുപോലെ ഇസ്‌ലാമിക പാരമ്പര്യത്തിനു വിരുദ്ധമാണ്. ഇസ്‌ലാമിക ചരിത്രത്തിൽ പ്രശോഭിച്ചുനിന്ന ബാഗ്ദാദിലെ 'ബൈത്തുൽ ഹിക്മ' മാത്രം ഉദാഹരിക്കാം. ബൈത്തുൽ ഹിക്മ അടിസ്ഥാനപരമായി മതപാഠശാലയായിരുന്നു. ഖുർആനായിരുന്നു അതിന്റെ നിദാനം. എന്നാൽ അവിടെ ഒരേസമയം വിശ്വാസകാര്യങ്ങളും വാനനിരീക്ഷണവും മനുഷ്യ ശരീരവും പ്രകൃതിശാസ്ത്രവും പഠനവിഷയങ്ങളായിരുന്നു!

വിശുദ്ധ ഖുർആനും സയൻസും പൊതുവായനയും ബൈത്തുൽ ഹിക്മയിൽ നടന്നിരുന്നു. അതുകൊണ്ടുതന്നെ ഖുർആൻ വ്യാഖ്യാതാക്കളും ഭിഷഗ്വരന്മാരും തത്ത്വശാസ്ത്രജ്ഞരും ഗണിതശാസ്ത്രജ്ഞരും വാനനിരീക്ഷകരും ഒരേസമയം അവിടെനിന്ന് പുറത്തുവന്നു. ഇത് ബൈത്തുൽ ഹിക്മയുടെ മാത്രം കാര്യമല്ല. അധിനിവേശത്തിനു മുമ്പുള്ള ഇസ്‌ലാമിക ലോകത്തിന്റെ മുഴുവൻ ചരിത്രമാണ്. അതുകൊണ്ടുതന്നെയാണ് ആത്മീയവും ഭൗതികവുമായ സർവ പുരോഗതിക്കും ലോകം ഇസ്‌ലാമിനോട് കടപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നത്. സയ്യിദ് ഖുത്ബിനെ ഉദ്ധരിക്കാം: "പ്രസിദ്ധ ചരിത്രകാരനായ ജോൺ വില്യം തന്റെ *യൂറോപ്പിലെ ധൈഷണിക നവോത്ഥാനം* എന്ന ഗ്രന്ഥത്തിൽ ഇന്ന് നാം അനുഭവിക്കുന്ന സുഖസൗകര്യങ്ങൾക്ക് പൂർണമായി മുസ്‌ലിംകളോട് കടപ്പെട്ടവരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. "വൈജ്ഞാനികരംഗത്ത് മുസ്‌ലിം അറബികൾ തുടങ്ങിവെക്കാത്ത ഒന്നും തങ്ങൾക്ക് പൂർത്തീകരിക്കേണ്ടതായി വന്നിട്ടില്ലെന്ന്" എച്ച്.ജി വെൽസ് തന്റെ *ലോക ചരിത്ര സംഗ്രഹ*ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രണേതാക്കളായി അറിയപ്പെടുന്ന ഗലീലിയോ, ക്ലെപ്പർ, ബ്രൂണോ, ഡാവിൻജി, ന്യൂട്ടൻ, ദെക്കാർത്ത്, നിക്കസ് ലോക്ക് തുടങ്ങിയ പാശ്ചാത്യ ചിന്തകന്മാർ പ്രചോദനമുൾക്കൊണ്ടത് ഇബ്നു മൂസ, ബൈറൂണി, ഖാലിദുബ്നു സഅദ് റാസി, റശീദുദ്ദീൻ, ഖവാറസ്മി, ഇബ്നു യൂനുസ്, ഇബ്നു ഖൽദൂൻ, ഫാറാബി, ഗസ്സാലി തുടങ്ങിയ മുസ്‌ലിം പ്രതിഭാശാലികളുടെ ഗ്രന്ഥങ്ങളിൽനിന്നാണ്" (*മതം പ്രായോഗിക ജീവിതത്തിൽ*, പേജ് 93).

ദൈവം, പ്രവാചകൻ, പരലോകം തുടങ്ങിയ അറിവുകൾ മാത്രമല്ല ഗോളശാസ്ത്രം, ഭൂമിശാസ്ത്രം, ഭ്രൂണശാസ്ത്രം തുടങ്ങിയ സമഗ്ര വിജ്ഞാനങ്ങളും സ്വായത്തമാക്കാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ഒരാൾ ലോകം മുഴുവൻ അറിഞ്ഞിട്ടും തന്റെ സ്രഷ്ടാവായ ദൈവത്തെയോ തന്റെ ജീവിത ലക്ഷ്യമായ പരലോകത്തെയോ അറിഞ്ഞില്ലെങ്കിൽ അതിൽ കാര്യമില്ല. തിരിച്ച് മതമെന്നാൽ തർക്കവിതർക്കങ്ങളും ഭിന്നിപ്പുകളുമാണെന്ന രീതിയിൽ 'മതപണ്ഡിതൻ' ചമഞ്ഞ് കാലം കഴിക്കുന്നതിലും അർഥമില്ല. ആത്മീയ-ഭൗതികമേഖലയിലെല്ലാം മൂല്യനിഷ്ഠമായ ഒരു മുന്നേറ്റമാണ് ഇസ്‌ലാമിക വിജ്ഞാനത്തിന്റെ കാതൽ. ■